Malayala Manorama 6-10-18, P-3

# വെള്ളാനിക്കര മികച്ച ഔഷധ സസ്യ ഗവേഷണ കേന്ദ്രം

മണ്ണുത്തി • ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള ഏറ്റവും മികച്ച ഔഷധ സസ്യ ഗവേഷണ കേന്ദ്രമായി കാർഷിക സർവകലാശാലയുടെ വെള്ളാനിക്കര കേന്ദ്രത്തെ തിരഞ്ഞെടുത്തു. ജോർഹട്ടിലെ അസം കാർഷിക സർവകലാശാലയിൽ നടന്ന ദേശീയ പദ്ധതി അവലോകന ശിൽപശാലയിൽ ഐസിഎആർ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. ജാനകി റാം പുരസ്കാരം സമ്മാനിച്ചു.

കേന്ദ്രം മേധാവി ഡോ.എം. ടി. കനകമണി, ഡോ.സി. ബീന, ഡോ. പി.വി.സിന്ധു എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. തുടർച്ചയായ രണ്ടാം വർഷമാണ് ഏകോപിത ഗവേഷണ പദ്ധതിയുടെ ഭാഗമായ 26 കേന്ദ്രങ്ങളിൽ ഒന്നാം സ്ഥാനത്ത് വെള്ളാനിക്കര കേന്ദ്രം എത്തുന്നത്. സസ്യഗവേഷണ കേന്ദ്രത്തിന് മികച്ച നേട്ടം കൈവരിച്ച ശാസ്ത്രജ്ഞരെ വൈസ് ചാൻസലർ ഡോ.ആർ. ചന്ദ്രബാബു അഭിനന്ദിച്ചു.